49

# ലോകത്തെ കീഴ്മേൽ മറിക്കൽ

## (17:6)

ക്രിസ്ത്യാനികളെ തെസ്സലൊനിക്യയിലെ അധികാരികളുടെ അടുക്കലേക്കു ഇഴെച്ചു കൊണ്ടു വന്നപ്പോൾ, അവർ ഈ ആരോപണം ഉന്നയിച്ചു: "ലോകത്തെ കീഴ്മേൽ മറിച്ചവർ ഇവിടെയും എത്തി" (പ്രവൃത്തികൾ 17:6; KJV).[1] ഈ വാക്കുകൾ നമ്മെ കുറ്റപ്പെടുത്തുന്നു. "നാം ലോകത്തെ കീഴ്മേൽ മറിച്ചിട്ടുണ്ടോ"? ഒരു പാറ ഇളക്കി മാറ്റാൻ പോലും നമുക്കു കഴിഞ്ഞിട്ടുണ്ടോ? ആരോ പറഞ്ഞു ഒന്നാം നൂറ്റാണ്ടിലെ സഭയെയും ഇന്നത്തെ സഭയെയും താരതമ്യം ചെയ്താൽ ആറ്റം ബോംബും കളിതോക്കും തമ്മിലുള്ള വ്യത്യാസമാണ് എന്ന്.[2]

നാം എതിർത്തേക്കാം, "പ്രാരംഭ സഭ *എന്തുകൊണ്ട്* വിജയിച്ചു എന്നറിഞ്ഞാൽ, ഞങ്ങളും അങ്ങനെ തന്നെ ചെയ്യും." ആരംഭ സഭയുടെ "രഹസ്യം" കണ്ടെത്താൻ പ്രയാസമൊന്നുമില്ല. പ്രവൃത്തികളുടെ പുസ്തകത്തിലെ ഉപരിതല വായനകൊണ്ടു മാത്രം അവരുടെ വിജയ മനോഭാവം വെളിപ്പെട്ടു കിട്ടും.

### ക്രിസ്ത്യാനിത്വത്തോടുള്ള മനോഭാവം

ആരംഭ ക്രിസ്ത്യാനികൾക്ക്, ക്രിസ്ത്യാനിത്വം എന്നതു വൈകാരിക ആശ്വാസമോ അല്ലെങ്കിൽ അവരുടെ ജീവിതത്തിനു ചുറ്റുമുള്ള എന്തെങ്കിലുമോ ആയിരുന്നില്ല; പിന്നെയോ ത്യാഗോജ്വലമായ അഭിനിവേശമായിരുന്നു. അതു എന്തെങ്കിലും *ഒരു* ജീവിതവഴി ആയിരുന്നില്ല, എ ന്നാൽ *ഏക* വഴിയായിരുന്നു. അതു ചില സാഹചര്യത്തിൽ നോക്കുന്ന ഒരു വഴി ആയിരുന്നില്ല, എന്നാൽ ഏതു സാഹചര്യത്തിലും നോക്കാ വുന്ന ഏക ജീവിതവഴിയാണ് (ഗലാത്യർ 2:20). തൽഫലമായി, ആരംഭക്രിസ്ത്യാനികൾ അവർക്കു ഉള്ളതെല്ലാം അവർ സമർപ്പിച്ചു: അവരുടെ വസ്തുക്കൾ വില്ക്കുകയും അതു ആവശ്യമുള്ളവർക്കു പങ്കിടുകയും ചെയ്തു (പ്രവൃത്തികൾ 5). അവരുടെ വീടുകളും, കുടുംബങ്ങളും, അവരുടെ ജോലികളും എല്ലാം വിട്ടുതന്നു (പ്രവൃത്തികൾ 8). ചിലർ അവരുടെ ജീവനും നല്കി (പ്രവൃത്തികൾ 7; 12). തൽഫലമായി, സഭ അതിർ

കവിഞ്ഞ് കുതിച്ച് വളർന്നു.

നിങ്ങൾ വിചാരിച്ചേക്കാം "പക്ഷേ തീർച്ചയായും ദൈവം നമ്മിൽ നിന്നും അത്രയും പ്രതീക്ഷിക്കുന്നില്ല!" എന്നു പറഞ്ഞേക്കാം. നിങ്ങൾക്ക് എങ്ങനെ അറിയാം? ക്രിസ്ത്യാനിത്വം നിങ്ങൾക്ക് എന്താണർത്ഥമാകുന്നത്? അതു ലോകത്തിലെങ്ങും എത്താൻ നിങ്ങൾക്കു ത്യാഗമാകുവാൻ മനസുണ്ടോ?

### ജീവിതത്തോടുള്ള മനോഭാവം

ആരംഭ ക്രിസ്ത്യാനികളുടെ ക്രിസ്ത്യാനിത്വത്തോടുള്ള മനോഭാവം അവരുടെ ജീവിതത്തോടുള്ള മനോഭാവമായിരുന്നു. അവർക്കു യേശുവിൽ പുതിയ ജീവൻ ലഭിച്ചു (റോമർ 6:3–6), അത് അവർ ഗൗരവമായി എടുത്തു (പ്രവൃത്തികൾ 19:19, 20). അതിനു യാതൊരു വിട്ടുവീഴ്ചയുമില്ലായിരുന്നു. ചുരുങ്ങിയതു ഒരധികാരി പറഞ്ഞത് സഭയുടെ പ്രാരംഭ നാളുകളിൽ, ഒരാൾ കാരണം കൂടാതെ തുടർച്ചയായി മൂന്നു ആരാധനകൾ മുടക്കിയാൽ, അവർ സ്വഭാവികമായും കൂട്ടായ്മയിൽ നിന്നും പിന്തള്ളപ്പെടും എന്നാണ്.[3]

ലോകത്തിലുള്ളവരിൽ നിന്നു വ്യത്യസ്തരായി നാം പ്രവർത്തിക്കുന്നതു കാണാതെ നമുക്കു ഒരിക്കലും ലോകത്തിൽ ഒരു ഫലവും വരുത്താൻ സാദ്ധ്യമല്ല! അനേകം വർഷങ്ങൾക്കു മുൻപു, ഒരു ഉപദേഷ്ടാവ് ഒരു ഇന്ത്യൻ ഗോത്രവർഗ്ഗക്കാരുടെ മുഖ്യനു അവർക്കിടയിൽ പ്രവർത്തിക്കുവാൻ താത്പര്യം അറിയിച്ചു. അതിനു മറുപടി പ്രഭാഷണരൂപത്തിലായിരുന്നു. ഇതാ ആ ഉദ്ധരണി:

> സഹോദരാ, താങ്കൾ ഇത്രയും നാൾ ഇവിടെയുള്ള വെളുത്ത ആളുകളോട് സുവിശേഷം അറിയിച്ചുകൊണ്ടിരുന്നതായിട്ടാണ് ഞങ്ങളോട് പറഞ്ഞറിഞ്ഞത്. ഇവർ ഞങ്ങളുടെ അയൽകാരാണ്. ഞങ്ങൾക്ക് അവരെ അറിയാം. അവരിൽ നിങ്ങളുടെ പ്രസംഗം എന്തു സ്വാധീനമാണുണ്ടാക്കുന്നതെന്ന് ഞങ്ങൾ കുറച്ച് ഒന്നു നോക്കട്ടെ. അവർക്ക് അതു നന്മ ചെയ്തു കാണുന്നുവെങ്കിൽ, സത്യസന്ധരാക്കി അതു ഇന്ത്യക്കാരെ ചതിക്കുന്നില്ലെങ്കിൽ, പിന്നെ നിങ്ങൾ പറഞ്ഞതു ഞങ്ങൾ പരിഗണിക്കാം.

### മറ്റുള്ളവരോടുള്ള മനോഭാവം

ജോയും ഞാനും വിവാഹം കഴിക്കുന്നതിനു ഒരു വർഷം മുൻപ്, ഞാൻ താമസിച്ചിരുന്നതു ടെക്സാസിലെ, അബിലീൻ എന്ന സ്ഥലത്തും, ജോ ഓക്ളഹോമിലെ മൂർ എന്ന സ്ഥലത്തുമായിരുന്നു, താമസിച്ചിരുന്നത്. ഈ രണ്ടു സ്ഥലങ്ങളിൽ നിന്നു അങ്ങോട്ടുമിങ്ങോട്ടും ധാരാളം കത്തുകൾ പോയിട്ടുണ്ട്: ഒരു എഴുത്ത് ഞാൻ എഴുതിയതു പ്രത്യേകമായി ഞാൻ ഓർക്കുന്നു, ഞാൻ എഴുതിയതു കണക്കിലെടുക്കാതെ പറഞ്ഞു, എനിക്ക് അവളോടുള്ള സ്നേഹത്തെ "വരികൾക്കിടയിലൂടെ വായിക്കാൻ" കഴിഞ്ഞു. ഞാൻ കൂട്ടിച്ചേർത്തു: "ഈ എഴുത്തിൽ, നീ ഊഹം ഒന്നും നടത്തേണ്ട." പിന്നെ ചുവന്ന മഷിയുള്ള പേന എടുത്ത് ഞാൻ എഴുതി,

"ഞാൻ നിന്നെ സ്നേഹിക്കുന്നു, ഞാൻ നിന്നെ സ്നേഹിക്കുന്നു, ഞാൻ നിന്നെ സ്നേഹിക്കുന്നു," പ്രവൃത്തികളുടെ പുസ്തകത്തിൽ "സ്നേഹം" എന്ന വാക്ക് ഇല്ലായിരിക്കാം, സ്നേഹം ഉള്ളതുപോലെയാണ്, എഴുതിയത്, ഓരോ വരികൾക്കിടയിലും ദൈവത്തിനു നമ്മോടുള്ള സ്നേഹവും ആരംഭ ക്രിസ്ത്യാനികൾക്കു ദൈവത്തോടും മറ്റുള്ളവരോടും ഉണ്ടായിരുന്നതുകാണാം.

അവിശ്വാസികൾക്കു, ഇതു ഏറ്റവും അതിശയിപ്പിക്കുന്ന ക്രിസ്ത്യാനിത്വഗുണമായിരുന്നു. അവിശ്വാസികളുടെ ലോകത്തിൽ, അതു "പട്ടികളെ - തിന്നുന്ന - പട്ടികളെ പോലയായിരുന്നു": താഴ്ന്നവരെ ചവിട്ടിത്താഴ്ത്തുക; രോഗികളെയും നിസ്സഹായരെയും അടിച്ചമർത്തുകയായിരുന്നു; അതിനെതിരായി, ക്രിസ്ത്യാനികൾ സ്നേഹിച്ചു. റോം ക്രിസ്ത്യാനിത്വത്തെ വാൾകൊണ്ടു നേരിട്ടു, എന്നാൽ ക്രിസ്ത്യാനിത്വം റോമിനെ നേരിട്ടതു സ്നേഹം കൊണ്ടായിരുന്നു - വിജയിക്കയും ചെയ്തു. ചരിത്രകാരനായിരുന്ന റിഡ്ജ്പാത്ത് വിശ്വസിച്ചത് ആ രക്ഷ സംഭവിക്കാനും വളരുവാനുമുള്ള പ്രാഥമിക കാരണം ഇതായിരുന്നു എന്നാണ്.

ഇന്നു, നാം ജീവിക്കുന്നതു അതേ മത്സരമുള്ള ലോകത്തിലാണ്, "ഒന്നാമനായി കാണുവാൻ ആഗ്രഹിക്കുന്ന തത്വചിന്തയുടെ മദ്ധ്യത്തിലാണ്." എങ്കിലും, വാസ്തവത്തിലുള്ള ക്രിസ്ത്യാനികൾ, എങ്ങനെയായാലും ശ്രദ്ധിക്കപ്പെടും.

### ഉപദേശിക്കുന്നതിനോടുള്ള മനോഭാവം

അവർക്കു മറ്റുള്ളവരോടുള്ള മനോഭാവഫലമായി, ആരംഭക്രിസ്ത്യാനികൾ സ്വാഭാവികമായും കണ്ടുമുട്ടിയ എല്ലാവരോടും സുവിശേഷം പങ്കിട്ടു (മത്തായി 28:18-20;[4] പ്രവൃത്തികൾ 8:1, 4). ഇതായിരുന്നു ആദിമ സഭ വളരുവാനുള്ള പ്രാഥമിക കാരണമെന്നു ഫിലിപ്പ് സ്കാഫ് പറഞ്ഞു:

> ക്രിസ്ത്യാനിത്വം സ്ഥാപിക്കപ്പെട്ടപ്പോൾ അതിന്റേതായ നല്ല ഒരു മിഷണറിയുണ്ടായിരുന്നു. അതു ഉള്ളിൽ നിന്നു തന്നെ സ്വാഭാവികമായി വളർന്നു. അതിന്റെ സാന്നിദ്ധ്യത്തിൽ ആളുകൾ ആകർഷിക്കപ്പെട്ടു ... [ഓരോ] ഇടവകയും ഓരോ മിഷണറി സമൂഹമാവുകയും, ഓരോ വിശ്വസിക്കുന്ന ക്രിസ്ത്യാനിയും, തന്റെ സഹ - മനുഷ്യനെ പരിവർത്തനം ചെയ്യുവാൻ ക്രിസ്തുവിന്റെ സ്നേഹമുള്ള മിഷണറിസമൂഹമാവുകയും, ഓരോ വിശ്വസിക്കുന്ന ക്രിസ്ത്യാനിയും തന്റെ സഹ - മനുഷ്യനെ പരിവർത്തനം ചെയ്യുവാൻ ക്രിസ്തുവിന്റെ സ്നേഹമുള്ള മിഷണറിയായി ജ്വലിച്ചു. ... നിറവുള്ളവരും പ്രവർത്തകരും കമ്പിളി വസ്ത്രധാരികളും തോൽ ധാരികളും, നാട്ടിൻ പുറത്തുകാരും അജ്ഞരും ആയവർ ആയിരുന്നു ക്രിസ്ത്യാനിത്വത്തെ ഏറ്റവും എരിവോടെ പ്രചരിപ്പിച്ചത്, എന്നു സെൽസസ് തെളിച്ചു പറഞ്ഞു, ... അടിമകളും സ്ത്രീകളും അത് വീടു - കളിലേക്കു എത്തിച്ചു ... ഓരോ ക്രിസ്ത്യാനിയും തന്റെ അയൽക്കാരനോട് പറഞ്ഞു, തൊഴിലാളി - തന്റെ സഹപ്രവർത്തകനോട്, അടിമ തന്റെ സഹ - അടിമയോട്, ദാസൻ തന്റെ യജമാനനോടും യജമാനത്തിയോടും, തന്റെ പരിവർത്തന കഥ

> അറിയിച്ചുകൊണ്ടേയിരുന്നു, നാവിക സഞ്ചാരി തന്റെ കപ്പൽഛേദ ത്തിൽ നിന്നു രക്ഷപ്പെട്ടു ജീവിക്കുന്നതുപോലെയായിരുന്നു.[5]

ന്യായാധിപസഭ പറഞ്ഞത് അപ്പൊസ്തലന്മാർ അവരുടെ ഉപദേശം കൊണ്ട് യെരുശലേമിനെ നിറച്ചിരിക്കുന്നു (പ്രവൃത്തികൾ 5:28). *നാം* നമ്മുടെ അയൽക്കാരെ, പട്ടണത്തെ, ജില്ലയെ, ദേശത്തെ, ലോകത്തെ സുവിശേഷം കൊണ്ട് നിറച്ചിട്ടുണ്ടോ?

**പ്രാർത്ഥനയോടുള്ള മനോഭാവം**

ഈ അവസാന വസ്തുത കൂടാതെ, ക്രിസ്ത്യാനിത്വത്തോടുള്ള ആദിമ ക്രിസ്ത്യാനികളുടെ മനോഭാവം, അവരുടെ ജീവിതത്തോടും മറ്റു ള്ളവരോടും ഉപദേശത്തോടും, ഉള്ള അവരുടെ മനോഭാവം ഒന്നുമല്ല. അവർക്കു ദൈവത്തിൽ ആശ്രയിക്കേണ്ടതിന്റെ ആവശ്യകത അവർ തിരി ച്ചറിഞ്ഞു (4:24, 29). നാം പ്രാർത്ഥിക്കുന്നവരായി അറിയപ്പെടുന്നതോ? ഇല്ലെങ്കിൽ, മാനസാന്തരപ്പെടുവാനും – അവനിൽ ആശ്രയിക്കാൻ പഠി ക്കുവാനും ദൈവം സഹായിക്കട്ടെ!

**ഉപസംഹാരം**

ഞാൻ കേട്ടിട്ടുള്ള അവസാന തടസ്സം: "നമ്മേക്കാൾ അവർ വിജയി ക്കുവാൻ കാരണം അത് കാര്യങ്ങൾ *എളുപ്പമായിരുന്നു!*" അങ്ങനെ ആയി രുന്നോ? ജെ.ബി.ഫിലിപ്പൊസ് തന്റെ പുസ്തകമായ പ്രിഫേസ് ടു *ലെറ്റേഴ്സ് ടു യങ്ങ് ചർച്ചസ്* എന്നതിൽ പറയുന്നതു ശ്രദ്ധിക്കുക:

> ക്ലേശകരമായ ചരിത്രവിശദീകരണത്തിലേക്കു കടക്കാതെ, ഈ ലേഖ നങ്ങൾ എഴുതപ്പെട്ടതും, അവർ നയിച്ച ജീവിതവും സൂചിപ്പിക്കുന്നത് അവർ തങ്ങളുടെ വിഗ്രഹാർപ്പിത പശ്ചാത്തലത്തിനെതിരായിരുന്നു എന്നു ഓർക്കണം, സഭകൾ ഉണ്ടായിരുന്നില്ല, ഞായറാഴ്ച്ച ഒന്നും [ലോകം വേർതിരിച്ചുവെച്ചിരുന്നില്ല], വിശ്വാസത്തെ സംബന്ധിച്ച പുസ്തകങ്ങളും ഇല്ലായിരുന്നു. അടിമത്വം, ലൈംഗിക അധാർമ്മി കത്വം, അക്രമം, അനുഭവമില്ലായ്മ, കഷ്ടതയും, പരസ്യാഭിപ്രായം എന്നിങ്ങനെ, തരം താഴ്ന്ന നിലവാരമായിരുന്നു, അതെല്ലാം സർവ്വ ലൗകീകമായിരുന്നു; യാത്രയും ആശയവിനിമയവും അനിശ്ചി തത്വവും രൂപവൽക്കരവുമായിരുന്നു; ജനങ്ങൾ അധികവും വിദ്യാര ഹിതരായിരുന്നു. "നമ്മുടെ കാലത്തെ ബുദ്ധിമുട്ടുകളെക്കുറിച്ച്" അനേകം ആളുകൾ ഇന്നു പറയുന്നതു കേട്ടാൽ ക്രിസ്തീയനിയമ ത്തിൽ ജീവിക്കുവാൻ ആരെങ്കിലും നന്നായി ജീവിച്ച് കാണിക്കട്ടെ എന്ന അർത്ഥത്തിലാണ്. ആഴ്ച്ചകൾക്കുള്ളിൽ എന്തിനെയും കൊന്നുകൊണ്ടുള്ള ധ്രുദഗതിയിലുള്ള അത്ഭുതാവഹമായ വളർച്ച യാണ് വിശ്വാസത്തിനു സംഭവിച്ചത്. ആദിമ ക്രിസ്ത്യാനികൾ, അക്ഷ രികമായി ദൈവങ്ങളായി തീർന്നതു അവരുടെ ബോധ്യം തീ പോലെ യായിരുന്നു; അവർ പുതിയ സമൂഹത്തിന്റെ മുന്നോടിയായിരുന്നു, ഒരു പുതിയ രാജ്യം കണ്ടെത്തിയവരായിരുന്നു. അവർ നൂറ്റാണ്ടുക

> ളായിട്ട് ഇന്നും നമ്മോടു സംസാരിക്കുന്നു. ഒരു പക്ഷേ അവർ വിശ്വസിച്ചതു നാം വിശ്വസിച്ചാൽ, അവർ നേടിയതു നാം നേടൂ.[6]

നമ്മുടെ ഇന്നത്തെ ഒരു പ്രശ്നം മനോഭാവമാണ്. ദശലക്ഷക്കണക്കിന് ആളുകൾ നരകത്തെ ലക്ഷ്യമാക്കി ജീവിക്കയാണ്, അനേകം പേർ ശ്രദ്ധിക്കുന്നേയില്ല. ഒരിക്കൽ ക്രിസ്തുവിനെ സ്വീകരിച്ച ചിലർ തങ്ങളെ ലോകത്തിന്റെ സ്വാധീനത്തിലേക്ക് വിട്ടുകൊടുത്തു, അനേകം പേർ ശ്രദ്ധിക്കുന്നേയില്ല. *ദൈവം നമ്മെ ശ്രദ്ധിക്കുവാൻ സഹായിക്കട്ടെ*!

---

കുറിപ്പുകൾ

[1]ഈ പുസ്തകത്തിലെ "സത്യസന്ധമായ ഹൃദയങ്ങളെ തേടൽ" എന്ന പാഠത്തിലെ 17:6 ന്റെ നോട്ടുകൾ നോക്കുക. [2]ഡോൺ വില്ലിംഗാമിന്റെ പാഠത്തിലെ എന്റെ ഭാഷ്യമാണ്. [3]പ്രവൃത്തികൾ 5:13, 14. [4]മഹത്തായ ആജ്ഞയിൽ നാലു "സകലവും" കാണാം: *സകല* അധികാരവും, ഭൂലോകത്തിൽ ഒക്കെയും, സകല ജാതിയേയും യേശു ഉപദേശിച്ചത് *സകലവും*. [5]ഫിലിപ്പ് സ്കാഫ്, *ഹിസ്റ്ററി ഓഫ് ദ ക്രിസ്റ്റ്യൻ ചർച്ചും,* വാല്യം 2, *ആന്റേ – നൈസീൻ ക്രിസ്റ്റ്യാനിറ്റി എ.ഡി. 100*–325 (ന്യൂയോർക്ക്: ചാൾസ് ക്രിസ്റ്റേഴ്സ് സൺസ്, 1910; റിപ്പർ., ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്. ഡബ്ലിയു എം.ബി. ഏർ ഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി, 1973), 20–21. [6]ജെ.ബി.ഫിലിപ്പ്സ്, *ലെറ്റേഴ്സ് ടു യങ്ങ് ചർച്ചെസ്* (ന്യൂയോർക്ക്: മാക്മില്ലൻ കമ്പനി., 1958), xiii.